**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 575** **23-02-2022 - ൽ മറുപടിയ്ക്ക്**

**വ്യവസായ പാർക്കുകളിലെ വൈവിധ്യവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിള്‍,<br>ശ്രീ. സെബാസ്റ്റ്യന്‍ കുളത്തുങ്കല്‍,<br>ശ്രീ പ്രമോദ് നാരായണ്‍,<br>ഡോ. എന്‍. ജയരാജ്** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആരംഭിച്ച വ്യവസായ സംരംഭങ്ങളുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിൽ 10694 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 1154.64 കോടി രൂപയുടെ നിക്ഷേപം, 40,217 തൊഴിൽ അവസരങ്ങൾ എന്നിവ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. പ്രധാനമായും കാർഷിക-ഭക്ഷ്യ സംസ്കരണ മേഖല, വസ്ത്ര നിർമാണ മേഖല, ജനറൽ എഞ്ചിനീയറിംഗ്, സേവന മേഖല എന്നീ മേഖലകളിലാണ് സംരംഭങ്ങൾ ആരംഭിച്ചിട്ടുള്ളത്. മേഖല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. കാർഷിക -ഭക്ഷ്യ സംസ്കരണ മേഖല :3062 വസ്ത്ര നിർമാണ മേഖല : 1028 ജനറൽ എഞ്ചിനീയറിംഗ് : 890 സേവന മേഖല : 2838 തടി അധിഷ്ഠിത മേഖല : 379 സിമന്റ് അധിഷ്ഠിത മേഖല : 238 പ്രിന്റിങ്-അനുബന്ധ മേഖല : 142 പേപ്പർ ഉൽപ്പന്നങ്ങൾ : 157 ഐ.ടി മേഖല : 239 മറ്റുള്ളവ : 1721 |
| (ബി) | കെ.എസ്.ഐ.ഡി.സി. യുടെയും കിൻഫ്രയുടെയും പാർക്കുകളിൽ പുതുതായി ആരംഭിച്ച പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | കെ.എസ്.ഐ.ഡി.സി യുടെ വിവിധ വ്യവസായ പാർക്കുകളിൽ 95 സംരംഭകർക്ക് ഭൂമി/കെട്ടിടവും കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ 716 വ്യവസായ സംരംഭകർക്ക് ഭൂമിയും അലോട്ട് ചെയ്തിട്ടുണ്ട്. |
| (സി) | ഇതിലൂടെ ലക്ഷ്യമിടുന്ന നിക്ഷേപം, തൊഴിൽ ലഭ്യത എന്നിവ എത്രയെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത ലക്ഷ്യം എത്രത്തോളം കൈവരിക്കാൻ സാധിച്ചുവെന്നും വ്യക്തമാക്കാമോ; | (സി) | കെ.എസ്.ഐ.ഡി.സി-യിൽ 31777.23 ലക്ഷം രൂപയുടെ നിക്ഷേപവും 2296 തൊഴിൽ ലഭ്യതയും കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. പ്രസ്തുത ലക്ഷ്യം നൂറ് ശതമാനം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. കിൻഫ്രയിൽ 3433.61 കോടി രൂപയുടെ നിക്ഷേപവും 38181 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. |
| (ഡി) | പ്രാദേശികാടിസ്ഥാനത്തിൽ പ്രാധാന്യമുള്ള | (ഡി) | നിലവിലുള്ള വ്യവസായ പാർക്കുകളിൽ |

| | | | |
|---|---|---|---|
| | വ്യവസായങ്ങൾ കണ്ടെത്തി അവ കൂടി ഉൾപ്പെടുത്തി നിലവിലുള്ള വ്യവസായ പാർക്കുകൾ വിപുലമാക്കുകയും പുതിയവ സ്ഥാപിക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | | DA/DPഅനുവദിച്ചു കഴിഞ്ഞ ഭൂമിയിൽ ഈ ആവശ്യം പരിഗണിക്കാൻ നിർവാഹമില്ല. എന്നാൽ ഇനി അലോട്ട് ചെയ്യാനുള്ള ഭൂമിയിൽ ഈ ആവശ്യം പരിഗണിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ